പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2538** **07.10.2016**-ൽ മറുപടിക്ക്

## പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. കെ.കൃഷ്ണൻകുട്ടി

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ഏകദേശം 150 വർഷത്തിലധികം പഴക്കമുള്ള പാഠശാല എൽ.പി. സ്കൂൾ,ചിറ്റൂർ എ.ഇ.ഒ. ഓഫീസ് എന്നിവ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കേണ്ടവയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് അനുസരിച്ച് ഇവ സംരക്ഷിത സ്മാരകമാക്കുവാൻ പറ്റുമോ എന്ന വിഷയം പരിശോധിയ്ക്കുന്നതാണ്. |
| (ബി) | ഇവയെ പൈതൃകസ്മാരകങ്ങളാക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഇവയെ പുരാവസ്തു വകുപ്പിന്റെ കീഴിൽ തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകങ്ങളായി സാംസ്കാരിക മ്യൂസിയം, സാംസ്കാരിക പഠനകേന്ദ്രം എന്നിവയാക്കി ഉയർത്താൻ നിലവിൽ എന്തൊക്കെ സാമ്പത്തിക സഹായങ്ങൾ ലഭ്യമാണ്; | (സി) യും (ഡി) യും | നിലവിൽ സാമ്പത്തിക സഹായങ്ങളോ പദ്ധതികളോ ഒന്നും തന്നെ ഇല്ല. പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങളാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചശേഷം സാമ്പത്തിക സഹായം ആവശ്യമെങ്കിൽ ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ഡി) | ഇതിലേക്കായി കേന്ദ്ര സർക്കാർ, മലയാളം സർവ്വകലാശാല, സർക്കാരിന്റെ മറ്റ് ഏജൻസികൾ എന്നിവയുടെ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്? | | |

**സെക്ഷൻ ഓഫീസർ**